# പതിനാലാം കേരള നിയമസഭ
## പത്താംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 330 — 14/03/2018 -ൽ മറുപടി

## മുല്ലപ്പെരിയാർ വിഷയത്തിൽ പ്രശ്നപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എ.എം ആരിഫ്<br>ശ്രീ. ആന്റണി ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ)കേരളവും തമിഴ്നാടും സമവായത്തിലെത്തിയാൽ മുല്ലപ്പെരിയാറിൽ പുതിയ ഡാമാകാം എന്ന സുപ്രീംകോടതി വിധിയെ തുടർന്ന് ഇക്കാര്യത്തിൽ സമവായം ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന നിയമസഭ 2014-ൽ ഏകകണ്ഠമായി ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | എ) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്ന് ക്രിയാത്മകമായ ഇടപെടലുകളൊന്നും ഉണ്ടായിട്ടില്ല |
| (ബി)ജനങ്ങളുടെ ജീവനും സ്വത്തിനും ഉള്ള ഭീഷണി കണക്കിലെടുത്ത് ഭരണഘടനയുടെ അനുഛേദം 143 പ്രകാരമുള്ള അധികാരം പ്രയോഗിച്ചു കൊണ്ട് രാഷ്ട്രപതി ഈ വിഷയം സുപ്രീംകോടതിയ്ക്ക് റഫർ ചെയ്യണമെന്ന ആവശ്യത്തിൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) സുപ്രീം കോടതിയിൽ കേരളത്തിന്റെ കേസ് നടത്തുന്ന അഭിഭാഷകരിൽ നിന്നും ലഭിച്ച നിയമോപദേശത്തിൽ, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റിയുള്ള 2006 ലേയും 2014-ലേയും സുപ്രീം കോടതി വിധികളിൽ തീർപ്പ് കൽപിച്ചിട്ടുള്ളതിനാൽ, രാഷ്ട്രപതി 143-ാം അനുച്ഛേദം അനുസരിച്ച് സുപ്രീം കോടതിയിലേയ്ക്ക് റഫർ ചെയ്യുന്നതിനുള്ള സാധ്യത വിരളമാണെന്നും , ഇനി റഫർ ചെയ്താൽ തന്നേയും സുപ്രീം കോടതി ഇത് പരിഗണനാർഹമല്ലെന്ന് പറഞ്ഞ് |

| | |
|---|---|
| | തിരിച്ചയയ്ക്കുകയോ അല്ലെങ്കിൽ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് അന്തിമമായ തീർപ്പ് കൽപ്പിച്ചതിനാൽ വീണ്ടും പരിഗണിക്കുന്നത് 'res judiciate' എന്ന നിയമതത്വ പ്രകാരം വിലക്കുള്ളതായി കണ്ടെത്തുകയോ ചെയ്യുവാനാണ് സാധ്യത എന്നും അറിയിക്കുകയുണ്ടായി. കൂടാതെ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും പ്രസ്തുത വിധികളിൽ പരിഗണിച്ചതിനാൽ പുതിയതായി ഒരു സുരക്ഷാപ്രശ്നം ചൂണ്ടിക്കാണിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 143-ാം അനുച്ഛേദം അനുസരിച്ചുള്ള രാഷ്ട്രപതിയുടെ റഫറൻസിനുള്ള സാധ്യത ഇല്ല എന്നാണ് നിയമവിദഗ്ധർ നൽകിയ ഉപദേശം. പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചിട്ടില്ല. |
| (സി) രാജ്യത്തെ ഐ.ഐ.ടികൾ നടത്തിയ പഠന റിപ്പോർട്ട് യുക്തിരഹിതമായി തള്ളിയ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ; ഡാമിന്റെ സുരക്ഷ സംബന്ധിച്ച പഠനം നടത്തുന്നത് സുപ്രീം കോടതി വിലക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനം ഇതിനായി അന്താരാഷ്ട്ര വിദഗ്ധ സമിതിയെ നിയമിക്കുന്ന കാര്യം പരിശോധിക്കുമോ ; വ്യക്തമാക്കുമോ ? | (സി) അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്തുന്നതിന് മുല്ലപ്പെരിയാർ അണക്കെട്ടിൽ സുരക്ഷ വിലയിരുത്തുന്നതിനായി വിവിധങ്ങളായ പരിശോധനകൾ നടത്തേണ്ടതുണ്ട്. നിലവിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിയന്ത്രണം തമിഴ്നാട് സർക്കാരിനായതിനാൽ അവരുടെ സമ്മതമില്ലാതെ പരിശോധനകൾ നടത്താൻ സാധിക്കുകയില്ല. അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്തുന്നതു സംബന്ധിച്ച സാധ്യതകൾ ആരാഞ്ഞു വരുന്നു. |

സെക്ഷൻ ഓഫീസർ